**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2206** **20.06.2012-ൽ മറുപടിക്ക്**

## പകർച്ചപ്പനി നിയന്ത്രിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എ.കെ.ബാലൻ
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. എ.എം. ആരിഫ്

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

എ) പകർച്ചപ്പനി നിയന്ത്രണാതീതമായതിനെ തുടർന്ന് ആരോഗ്യ വകുപ്പുമന്ത്രി ജൂൺ 7-ാം തീയതി വിളിച്ചുചേർത്ത യോഗത്തിൽ എന്തൊക്കെ പരിഹാരനടപടികളാണ് നിർദ്ദേശിച്ചതെന്നറിയിക്കാമോ ;

എ) പകർച്ചപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന പരിഹാര നടപടികളാണ് ആരോഗ്യവകുപ്പ് മന്ത്രി ജൂൺ 7-ാം തീയതി വിളിച്ചുചേർത്ത യോഗത്തിൽ നിർദ്ദേശിച്ചത്.

1. സംസ്ഥാനത്ത് കിടത്തിചികിത്സയുള്ള എല്ലാ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലും പനി ബാധിതരെ കിടത്താനാവശ്യമായ കിടക്കയും അനുബന്ധ സാധനങ്ങളും സജ്ജമാക്കുക.
2. ആശുപത്രിയിൽ കിടത്തുന്ന പനിരോഗികൾക്ക് കൊതുകുവല ലഭ്യമാക്കുക.
3. ജില്ലാ ആശുപത്രികളിലെ ലബോറട്ടറി 24 മണിക്കൂറും താലൂക്കാശുപത്രികളിൽ ലബോറട്ടറി സൗകര്യം വൈകിട്ട് 8 മണി വരെയും പ്രവർത്തിപ്പിക്കുക.
4. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യമായ മരുന്ന്, ഐ.വി.ഫ്ളൂയിഡ് ഇവ സ്റ്റോക്ക് ചെയ്യുക.
5. കൊതുക്-കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
6. ആവശ്യമായ സ്ഥലങ്ങളിൽ പനി ചികിത്സയ്ക്കുള്ള മൊബൈൽ ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കുക.

ബി) പ്രസ്തുത നടപടികളിലൂടെ പകർച്ചപ്പനി നിയന്ത്രണ വിധേയമായിട്ടുണ്ടോ; സംസ്ഥാനത്തെ ആശുപത്രികളിൽ പ്രവേശിക്കപ്പെട്ട പനി ബാധിതരുടെയും മരണപ്പെട്ടവരുടെയും കഴിഞ്ഞ മൂന്നുമാസത്തെ കണക്കുകൾ ലഭ്യമാക്കുമോ ;

ബി) ഇപ്പോൾ പകർച്ചപ്പനി നിയന്ത്രണ വിധേയമാണ്. കഴിഞ്ഞ 3 മാസമായി (മാർച്ച്-മെയ്) സംസ്ഥാനത്തെ ആശുപത്രികളിൽ പനി ബാധിതരായി ചികിത്സിച്ചവരുടെ എണ്ണം-406982-ഉം, ഇതിൽ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടവരുടെ എണ്ണം-19912 -ഉം. പനി ബാധിതരായി മരണപ്പെട്ടവരുടെ എണ്ണം 1 -ഉം ആണ്.

അതിലുപരി മുകളിൽപ്പറഞ്ഞ 3 മാസക്കാലം വിവിധ പനിബാധകളാൽ ചികിത്സിച്ചവരുടെ എണ്ണവും, മരണപ്പെട്ടവരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

1. ഡെങ്കിപ്പനി ബാധിച്ചവരുടെ എണ്ണം - 382
   മരണപ്പെട്ടവരുടെ എണ്ണം - 1

2. എലിപ്പനി ബാധിതരുടെ എണ്ണം - 110
   മരണപ്പെട്ടവരുടെ എണ്ണം - 3

3. മലമ്പനി ബാധിതരുടെ എണ്ണം - 302
   മരണപ്പെട്ടവരുടെ എണ്ണം - 0

4. ചിക്കുൻഗുനിയ ബാധിതരുടെ എണ്ണം - 14
   മരണപ്പെട്ടവരുടെ എണ്ണം - 0

സി) രോഗപ്രതിരോധത്തിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ ;

സി) പകർച്ചവ്യാധികൾക്കെതിരെ മുൻകൂട്ടി പ്രതിരോധിക്കുവാൻ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ ഒരു രോഗപ്രതിരോധ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന 'സമഗ്ര' പരിപാടിയുടെ ഒന്നാംഘട്ട കാലയളവിൽ കൊതുക്-കൂത്താടി നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ ബോധവൽകരണം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി.

ത്രിതല പഞ്ചായത്ത് ഘടനയിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും, വാർഡ് തലത്തിലുള്ള ഉറവിട നശീകരണവും ശുചിത്വ പരിപാടികളും നടപ്പിലാക്കുകയുണ്ടായി. മെയ് 15-ന് ആരംഭിച്ച രണ്ടാം ഘട്ട പ്രവർത്തന കാലയളവിൽ രോഗപ്രതിരോധം, രോഗചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും നിയന്ത്രണവും, കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

ഡി) നിയന്ത്രണാതീതമായ തോതിൽ പനി പടരാനുള്ള കാരണം മഴക്കാല പൂർവ്വ ശുചീകരണത്തിൽ വന്ന വീഴ്ച, മാലിന്യ സംസ്കരണത്തിലെ ശുഷ്ക്കാന്തിയില്ലായ്മ എന്നിവ ആണെന്ന് കരുതുന്നുണ്ടോ ?

ഡി) ഇപ്പോൾ പകർച്ചപ്പനി നിയന്ത്രണ വിധേയമാണ്.

സെക്ഷൻ ഓഫീസർ